(5) കുടിൽ	8 രൂപ ച. മീ. ഒന്നിന്	10 രൂപ ച.മീ. ഒന്നിന്

ഭൂവികസന നികുതി ഈടാക്കുന്നതിനുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സംവിധാനം

19 (*578) ശ്രീ. എം.എം. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) അത്യാധുനിക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നല്കുന്നതിന് ഇന്നുള്ള സംവിധാനം എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുന്നതും വളരെ പരാതികൾ ഉള്ളതുമായ വാട്ടർ മീറ്ററുകളുടെ പ്രവർത്തന വൈകല്യങ്ങൾ പരിശോധന നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഗുണനിലവാരം കുറഞ്ഞതും തൂക്കത്തിൽ കുറവു വരുത്തിയും സംസ്ഥാനത്തെ മാർക്കറ്റിൽ സ്വർണ്ണാഭരണങ്ങൾ വില്പന നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാർക്കറ്റിൽ ലഭിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇപ്രകാരം വില്പന നടത്തുന്ന സ്വർണ്ണാഭരണങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ലീഗൽ മെട്രോളജി വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതിന് എറണാകുളത്തെ ലീഗൽ മെട്രോളജി ഭവനിൽ ഒരു ട്രെയിനിംഗ് സെന്റർ ഉണ്ട്. അവിടെവച്ച് അത്യാധുനിക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി പരിശീലനം നല്കി വരുന്നു.

(സി) വാട്ടർ മീറ്ററുകളുടെ പരിശോധന ആരംഭിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിച്ചു എങ്കിലും സംസ്ഥാനത്തെ ഏക വാട്ടർ മീറ്റർ നിർമ്മാതാവായ എറണാകുളത്തെ മെ.ആനന്ദ് വാട്ടർ മീറ്റർ കമ്പനി ടി പരിശോധനക്കെതിരെ ബഹു: കേരള ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് കരസ്ഥമാക്കിയിരിക്കയാണ്. ടി. സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്തു കിട്ടുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുണനിലവാരം കുറഞ്ഞ സ്വർണ്ണാഭരണങ്ങൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തൂക്കത്തിൽ കുറവു വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമില്ല.

(എഫ്) സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിശോധനയിലാണ്.

പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കാൻ നടപടി

20 (*579) ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പ്രക്രിയ മൂലം ജോലിഭാരം വർദ്ധിച്ചതിനാൽ പഞ്ചായത്തുകളുടെ തനത് ഫണ്ട് പിരിവിൽ കുടിശ്ശിക വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) കെട്ടിട നികുതി, തൊഴിൽ നികുതി, മറ്റു വരുമാനങ്ങളിൽ 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക പിരിച്ചു; എന്ത് തുക കുടിശ്ശിക ഉണ്ട്;

(സി) ഇവ യഥാസമയം പിരിച്ചെടുക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദു കുട്ടി) :

(എ) ഉണ്ട്.

(ബി) 1997-98 സാമ്പത്തിക വർഷത്തെ വിവരങ്ങൾ അനുബന്ധം I† ആയും 1998-99 വർഷത്തെ വിവരങ്ങൾ അനുബന്ധം II† ആയും ചേർത്തിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം പൂർത്തിയാകുന്നതോടെ കൂടുതൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. നികുതി പരിഷ്കരണം നടപ്പാക്കുക, പിഴപലിശ ഈടാക്കുക എന്നിവ വഴി പിരിവ് ഊർജ്ജിതപ്പെടുന്നതാണ്. കൂടാതെ കമ്പ്യൂട്ടർ ശൃംഖല സ്ഥാപിതമാകുന്നതോടുകൂടി നികുതി പിരിവ് എളുപ്പമാക്കിത്തീർക്കാവുന്നതാണ്.

---

† അനുബന്ധം II (1,2)

1163/2010.

LIBRARY ARCHIVES Kerala Legislative Assembly